**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **08-02-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷി ഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഏതൊക്കെ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകൾ ആക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം സംസ്ഥാനത്ത് തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിനായി തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | കൃഷിഭവന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | മംഗലപുരം, കരകുളം |
| 2 | കൊല്ലം | ആര്യങ്കാവ്, പരവൂർ |
| 3 | പത്തനംതിട്ട | അരുവാപ്പലം, പുറമറ്റം |
| 4 | ആലപ്പുഴ | മാരാരിക്കുളം സൗത്ത്, മുളക്കുഴ, ചേർത്തല സൗത്ത് |
| 5 | കോട്ടയം | നീണ്ടൂർ, തൃക്കൊടിത്താനം |
| 6 | ഇടുക്കി | കൊക്കയാർ, കൊന്നത്തടി |
| 7 | എറണാകുളം | കോട്ടുവള്ളി, ആലങ്ങാട് |
| 8 | തൃശ്ശൂർ | അയ്യന്തോൾ, കണ്ടാണശ്ശേരി |
| 9 | പാലക്കാട് | കൊടുമ്പ്, പട്ടാമ്പി |
| 10 | മലപ്പുറം | വണ്ടൂർ, തൃപ്രങ്ങോട് |
| 11 | കോഴിക്കോട് | പനങ്ങാട്, പേരാമ്പ്ര |
| 12 | വയനാട് | തൊണ്ടർനാട് |
| 13 | കണ്ണൂർ | ചെറുതാഴം, ചെറുപുഴ |
| 14 | കാസറഗോഡ് | ബേഡഡുക്ക, കയ്യൂർ- ചീമേനി |

കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ജില്ലയിൽ ഒരു കൃഷിഭവൻ എന്ന

| | | | |
|---|---|---|---|
| | | | തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായി തെരെഞ്ഞെടുത്ത് നടപടി സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രകാരം തിരഞ്ഞെടുത്ത 14 കൃഷിഭവനുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. ടി പദ്ധതി കെ.എൽ.ഡി.സി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് കർഷകർക്ക് അധികമായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.<br><br>പഞ്ചായത്ത് തലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി. അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ, ഫ്രണ്ട് ഓഫീസ് സേവന സംവിധാനം എന്നിവ പ്രദാനം ചെയ്തു കൊണ്ട് കൃഷിഭവനുകളെ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നു. കർഷകർക്കു കൃഷിഭവനിൽ എത്തിച്ചേരാതെ തന്നെ ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ |

| ക്രമ നം. | ജില്ല | കൃഷിഭവൻ |
|---|---|---|
| 1 | തിരുവനന്തപുരം | നഗരൂർ |
| 2 | കൊല്ലം | നെടുമ്പന |
| 3 | പത്തനംതിട്ട | മെഴുവേലി |
| 4 | ആലപ്പുഴ | നെടുമുടി |
| 5 | കോട്ടയം | റ്റി.വി.പുരം |
| 6 | ഇടുക്കി | വണ്ണപ്പുറം |
| 7 | എറണാകുളം | കുന്നത്തുനാട് |
| 8 | തൃശ്ശൂർ | വടക്കാഞ്ചേരി |
| 9 | പാലക്കാട് | പെരുവെമ്പ |
| 10 | മലപ്പുറം | തിരുനാവായ |
| 11 | കോഴിക്കോട് | തിരുവമ്പാടി |
| 12 | വയനാട് | മുട്ടിൽ |
| 13 | കണ്ണൂർ | കൂത്തുപറമ്പ് |
| 14 | കാസറഗോഡ് | പുത്തിഗെ |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ സമർപ്പിക്കുന്നതിനും സാധിക്കുന്നു. ഇത് കർഷകർക്ക് കൂടുതൽ സമയം കൃഷിയിടങ്ങളിൽ ചിലവഴിക്കുന്നതിന് സഹായകമാകുന്നു. സേവനങ്ങൾ ഓൺലൈൻ ആയി മാറുന്നതോടെ വേഗത്തിലും സമയബന്ധിതമായും സേവനങ്ങൾ കർഷകർക്ക് ലഭ്യമാകും.<br><br>കൂടാതെ കർഷകരുടെ കൃഷിസ്ഥലത്തിന്റേയും ഫാം പ്ലാനിന്റെയും ഡിജിറ്റൈസേഷൻ, നഴ്സറികളുടേയും വിവിധ ഫാമുകളുടെയും ഡിജിറ്റൈസേഷൻ, ജലസേചന സൗകര്യങ്ങളോടു കൂടിയുള്ള ഗ്രീൻഹൗസുകളുടെ നിർമ്മാണം, കൃഷിഭവൻ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആർ.ഐ.ഡി.എഫ്. സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ